**പതിനഞ്ചാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി

**(2023-2026)**

**ഇരുപത്തിയൊൻപതാമത് റിപ്പോർട്ട്**

(2024 ജൂലൈ 4-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**ദി റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (കേരള) റൂൾസ്, 2020 (എസ്.ആർ.ഒ. നം. 262/2020)-ന്റെ സൂക്ഷ്മപരിശോധന സംബന്ധിച്ചത്**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2024

# പതിനഞ്ചാം കേരള നിയമസഭ

## സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി

(2023-2026)

## ഇരുപത്തിയൊൻപതാമത് റിപ്പോർട്ട്

(2024 ജൂലൈ 4-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**ദി റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (കേരള) റൂൾസ്, 2020 (എസ്.ആർ.ഒ.നം. 262/2020)-ന്റെ സൂക്ഷ്മപരിശോധന സംബന്ധിച്ചത്**

897/2024.

## ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം: (എസ്. ആർ. ഒ. നമ്പർ 262/2020) | .. | 9 |

## സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
## (2023-2026)

**ഘടന**

ചെയർമാൻ :

ശ്രീ. എം. എം. മണി, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.

ശ്രീ. സജീവ് ജോസഫ്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അജിത് കുമാർ വി. ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2023-2026)-യുടെ ചെയർമാനായ ഞാൻ കമ്മിറ്റി അധികാരപ്പെടുത്തിയതനുസരിച്ച്, കമ്മിറ്റിയുടെ ഇരുപത്തിയൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ദി റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്റ്റ്, 2016 (2016-ലെ 49-ാം കേന്ദ്ര ആക്റ്റ്)-ന് കീഴിൽ പുറപ്പെടുവിച്ച ദി റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (കേരള) റൂൾസ്, 2020 (എസ്.ആർ.ഒ. നം. 262/2020) 17-1-2024, 21-3-2024 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി സൂക്ഷ്മപരിശോധന നടത്തുകയും സാമൂഹ്യനീതി, നിയമം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

ഈ വിഷയത്തിൽ കമ്മിറ്റി നടത്തിയ ചർച്ചകളുടെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ, ചട്ടങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2024 ജൂലൈ 1-ാം തീയതി ചേർന്ന യോഗത്തിൽ കമ്മിറ്റി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**എം. എം. മണി,**
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.*

തിരുവനന്തപുരം,
2024 ജൂലൈ 4.

## റിപ്പോർട്ട്

## 2020-ലെ ദി റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (കേരള) റൂൾസ്-ന്റെ പരിശോധന സംബന്ധിച്ച്.

ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലിയുടെ 13-12-2006-ലെ ഉടമ്പടി പ്രകാരം, ഭാരതത്തിലെ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾക്കും ശാക്തീകരണത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക യെന്ന ലക്ഷ്യത്തോടുകൂടി ഇന്ത്യൻ പാർലമെന്റ് പാസാക്കിയിട്ടുള്ളതാണ് 'ദി റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്റ്റ്, 2016 (2016-ലെ 49-ാം കേന്ദ്ര ആക്റ്റ്)' പ്രസ്തുത ആക്റ്റിലെ 101-ാം വകുപ്പിന്റെ (1), (2) എന്നീ ഉപവകുപ്പുകൾ നൽകുന്ന അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിരുന്ന 'ദി പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (ഈക്വൽ ഓപ്പർച്ച്യൂണിറ്റിസ്, പ്രൊട്ടക്ഷൻ ഓഫ് റൈറ്റ്സ് ആൻഡ് ഫുൾ പാർട്ടിസിപ്പേഷൻ) കേരള റൂൾസ്, 2000 (എസ്.ആർ.ഒ. നമ്പർ 603/2000)-നെ' അതിലംഘിച്ചുകൊണ്ട് 28-3-2020-ലെ ജി.ഒ.(പി.) 3/2020/എസ്.ജെ.ഡി. നമ്പരായി സർക്കാർ പുറപ്പെടുവിച്ചതാണ് **'ദി റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (കേരള) റൂൾസ്, 2020 (എസ്.ആർ.ഒ. നമ്പർ 262/2020)'.**

2. പ്രസ്തുത എസ്.ആർ.ഒ.യുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി സാമൂഹ്യനീതി, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി, 17-1-2024, 21-3-2024 എന്നീ തീയതികളിൽ സമിതി ചർച്ച നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങൾ / ശിപാർശകളും ചുവടെ ചേർക്കുന്നു.

3. ചട്ടം 2(c)-ലെ 'forms' എന്നതിനെ, 'a form' എന്നാക്കി മാറ്റുവാൻ സമിതി ശിപാർശ ചെയ്യുന്നു.

4. 'State Committee for Research on Disability' സംസ്ഥാനത്ത് നിലവിൽ രൂപീകരിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

5. ചട്ടം 3(2)(a)-യുടെ രണ്ടാമത്തെ വരിയിലെ 'any of the Government/' എന്നതിനെ 'any of the Government Institutions/' എന്നാക്കി മാറ്റുവാൻ സമിതി ശിപാർശ ചെയ്യുന്നു.

6. ചട്ടം 26(2)-ലെ പോലെ പദവി അനുസരിച്ച് അംഗങ്ങളെ ക്രമീകരിക്കുന്നതിനായി ചട്ടം 3(2)(f), 3(2)(g) എന്നിവയെ യഥാക്രമം 3(2)(d), 3(2)(b) എന്നാക്കി മാറ്റുവാനും ചട്ടം 3(2)(b) മുതൽ (g) വരെ പുനഃരക്കം ചെയ്യുവാനും സമിതി ശിപാർശ ചെയ്യുന്നു.

7. ചട്ടത്തിലെ 'Persons with disability' എന്ന് പരാമർശിക്കുന്ന ഭാഗങ്ങളിൽ എല്ലാം ആയതിനെ 'differently abled persons' എന്നാക്കി മാറ്റുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

8. ഭിന്നശേഷിക്കാർക്കായി സർക്കാർ രൂപീകരിക്കുന്ന 'Committee for Research on Disability'-ൽ പകുതിയിൽ കുറയാത്ത അംഗങ്ങൾ ഭിന്നശേഷിക്കാരോ അല്ലെങ്കിൽ ആക്ടിലെ സെക്ഷൻ 2(z)-ൽ പ്രതിപാദിച്ചിരിക്കും പ്രകാരമുള്ള രജിസ്റ്റർ ചെയ്ത ഓർഗനൈസേഷനുകളിൽ നിന്നുള്ള അംഗങ്ങളോ ആയിരിക്കണമെന്ന് ആക്ടിലെ സെക്ഷൻ 6(2)(ii)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതായി സമിതി നിരീക്ഷിക്കുന്നു. എന്നാൽ, ചട്ടം 3(2)(a) മുതൽ (g) വരെ പ്രതിപാദിച്ചിരിക്കുന്നതിൽ കമ്മിറ്റിയിലെ ആകെ അംഗങ്ങളായ 19 പേരിൽ 5 പേർ ഭിന്നശേഷിക്കാരും 4 പേർ മേൽസൂചിപ്പിച്ച രജിസ്റ്റർ ചെയ്ത ഓർഗനൈസേഷനുകളിൽ നിന്നുള്ള അംഗങ്ങളുമാണ് (ആകെ 9 പേർ). ആകെ അംഗങ്ങളുടെ പകുതി (19/2=9.5) 10 ആയി കണക്കാക്കിക്കൊണ്ട് ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുംവിധം കമ്മിറ്റി രൂപീകരിക്കുന്നതായിരിക്കും ഉചിതമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ Committee for Research on Disability-ൽ ഭിന്നശേഷിക്കാരുടെയും ആക്ടിലെ സെക്ഷൻ 2(z)-ൽ പ്രതിപാദിച്ചിരിക്കുന്ന രജിസ്റ്റർ ചെയ്ത ഓർഗനൈസേഷനുകളിൽ നിന്നുമുള്ള അംഗങ്ങളുടെയും എണ്ണം 10 ആയി നിജപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. ചട്ടം 3(4)-ലെ, 'One half of the members shall constitute the quorum except special invitee' എന്നതിനെ 'One half of the members shall constitute the quorum except special invitees' എന്നാക്കി മാറ്റുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

10. ആക്ടിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ, 'State Committee for Research on Disability'-യുടെ കർത്തവ്യങ്ങൾ, കമ്മിറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ സേവന വ്യവസ്ഥകൾ, അയോഗ്യത, കമ്മിറ്റിയുടെ യോഗങ്ങൾ എന്നിവ സംബന്ധിച്ച വ്യവസ്ഥ ചട്ടത്തിൽ ഉൾപ്പെടുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

11. ചട്ടം 3(2)(d)-ലെ 'Five persons with disabilities' എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിൽ, എത്ര ശതമാനം 'disability' എന്ന് കൃത്യമായി പ്രതിപാദിക്കുന്നുണ്ടോയെന്ന് സമിതി പരിശോധിക്കുകയുണ്ടായി. ആക്ടിലെ 'Definitions' ഭാഗത്ത് 'person with disability' എന്നത് വൈകല്യമുള്ള ഏതൊരു വ്യക്തിക്കും എന്നും 'person with benchmark disability' എന്നത് 40%-വും അതിന് മുകളിലുള്ളവർക്കും യോഗ്യതയുണ്ടെന്നുമാണ് വ്യവസ്ഥ. ആയതിനാൽ, ചട്ടം 3(2)(d)-ലെ 'Five persons with disabilities' എന്നതിനെ 'Five persons with benchmark disabilities' എന്നാക്കി മാറ്റുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

12. ചട്ടം 4-ൽ പ്രതിപാദിച്ചിരിക്കുന്ന 'The designated authority'-കൾ എത്രയെണ്ണം സംസ്ഥാനത്ത് നിലവിൽ ഉണ്ടെന്നും ഇതുവരെ എത്ര 'Limited Guardianship' -നുള്ള അപേക്ഷകൾ ലഭിച്ചുവെന്നും സമിതി അന്വേഷിച്ചിരുന്നു. 27 റവന്യൂ സബ്ഡിവിഷൻ ഓഫീസർമാരെ Designated authority-യായി സർക്കാർ വിജ്ഞാപന പ്രകാരം നിയോഗിച്ചിട്ടുണ്ടെന്നും Limited Guardianship-ന് ഇതുവരെ ലഭിച്ച 841 അപേക്ഷകളിൽ 594 എണ്ണം അംഗീകരിക്കുകയും 50 എണ്ണം നിരസിക്കുകയും ചെയ്തിട്ടുണ്ടെന്നും ബാക്കി അപേക്ഷകൾ പെന്റിംഗ് ആണെന്നും സമിതിക്ക് ബോധ്യപ്പെട്ടു.

13. ചട്ടം 5(3)-ലെ ' In case of a person with disability in Government institution, the superintendent of the institution shall make an application for the appointment of limited guardianship.' എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം അധികാരം പൂർണമായും സൂപ്രണ്ടിൽ നിക്ഷിപ്തം ആകുമ്പോൾ ചിലപ്പോഴെങ്കിലും അദ്ദേഹം പക്ഷപാതപരമായി പെരുമാറുന്ന സാഹചര്യം ഉണ്ടായാൽ അത് ഭിന്നശേഷിക്കാരനായ വ്യക്തിയുടെ താൽപര്യത്തിന് എതിരാകുകയും ആയതിനെ നിയന്ത്രിക്കാൻ ഒരു അതോറിറ്റി ഇല്ലാതെ വരികയും ചെയ്യുമെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. ആയതിനാൽ, ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് പ്രസ്തുത മേലധികാരം നൽകുന്ന രീതിയിൽ ചട്ടത്തിൽ ഭേദഗതി വരുത്തുവാനായി സമിതി ശിപാർശ ചെയ്യുന്നു.

14. ചട്ടം 7(1)-ൽ പ്രതിപാദിക്കുന്ന, 'Limited Guardianship'-നുള്ള അപേക്ഷാ ഫാറം ചട്ടത്തിൽ ഉൾപ്പെടുത്തുവാനും പ്രസ്തുത ഫാറത്തിൽ ബന്ധപ്പെട്ട ചട്ടം റഫർ ചെയ്യുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

15. ചട്ടം 7(2)(d)-യുടെ മൂന്നാമത്തെ വരിയിലെ 'technical experts' എന്നതിനെ 'technical expertise' എന്നാക്കി മാറ്റുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

16. ചട്ടം 13(1)-ൽ 'Procedure for Registration' എന്ന തലക്കെട്ടിനു കീഴിലെ നാലാം വരിയിൽ, ഭിന്നശേഷിക്കാർക്കുള്ള സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി സമർപ്പിക്കേണ്ട രേഖകളിൽ, annual report of the previous years, balance sheet of preceding three years, details of foreign contributions തുടങ്ങിയവ ആവശ്യപ്പെട്ടിരിക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. രജിസ്റ്റർ ചെയ്യുന്നതിന് മുൻപ് പ്രവർത്തനം അനുവദനീയമല്ലാത്തതിനാൽ ആദ്യമായി രജിസ്റ്റർ ചെയ്യുന്ന അത്തരം സ്ഥാപനങ്ങളോട്, ടി കാര്യങ്ങൾ ആവശ്യപ്പെടുന്നതിന്റെ സാംഗത്യം സമിതി പരിശോധിച്ചിരുന്നു. മേൽപ്പറഞ്ഞ വ്യവസ്ഥകൾ നടപ്പാക്കിയതുമൂലം, രണ്ട് സാങ്കേതിക ബുദ്ധിമുട്ടുകളാണ് ഉണ്ടായിട്ടുള്ളതെന്നും അതിലൊന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് കൊണ്ട് ആനുവൽ റിപ്പോർട്ടും മറ്റും സമർപ്പിക്കണമെന്ന് ഇൻസ്പെക്ടിംഗ് ടീം പരിശോധന നടത്തുന്ന ഘട്ടത്തിൽ തന്നെ നിർബന്ധം പിടിക്കുക ആണെന്നും ഏതൊരു സ്ഥാപനവും ആരംഭിക്കുന്നതിന് മുമ്പ് രജിസ്ട്രേഷൻ ആവശ്യമാണെങ്കിലും ആ സമയത്ത് അവരുടെ കയ്യിൽ റിപ്പോർട്ടോ മറ്റ് രേഖകളോ ഉണ്ടാകില്ലെന്നും അതുകൊണ്ട് ഈ വിഷയത്തിൻമേൽ പരിഹാരമുണ്ടാക്കണമെന്നാണ് ഇൻസ്പെക്ടിംഗ് ഓഫീസർമാർ ആവശ്യപ്പെടുന്നതെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ, ഒരു സ്ഥാപനം ആരംഭിച്ച് അതിന്റെ രജിസ്ട്രേഷൻ കാലാവധി മൂന്നുവർഷം പൂർത്തിയാകുന്നത് മുതൽ രജിസ്ട്രേഷൻ പുതുക്കി നൽകുന്ന സമയം വരെയുള്ള കാലയളവ് കൂടി കവർ ചെയ്ത് ലഭിക്കാതിരുന്നാൽ ആയത് ഗ്രാന്റ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് തടസ്സമാകുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഈ വിഷയത്തിൽ പുതിയ രജിസ്ട്രേഷൻ ആണെങ്കിൽ രണ്ടോ മൂന്നോ വർഷത്തെ പ്രവൃത്തി പരിചയവും കൂടി ഉൾപ്പെടുത്തുന്നതാണ് ഉചിതം എന്ന് സമിതി വിലയിരുത്തുന്നു.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഒരു സ്ഥാപനം പുതുതായി ആരംഭിക്കുമ്പോൾ താൽക്കാലിക രജിസ്ട്രേഷൻ ലഭിക്കുന്നതിന് മേൽപ്പറഞ്ഞ മൂന്ന് നിബന്ധനകൾ [annual report of the previous years, balance sheet of preceeding three years, details of foreign contributions] ബാധകമല്ലെന്നും മൂന്നുവർഷം കഴിഞ്ഞ് സ്ഥിരം രജിസ്ട്രേഷൻ വേണ്ടിവരുമ്പോൾ മാത്രമാണ് അവ ബാധകമാകുന്നതെന്നുമുള്ള വ്യവസ്ഥ ഉൾപ്പെടുത്തി ചട്ടം 13(1)-ൽ ഭേദഗതി വരുത്തുവാനായി സമിതി ശിപാർശ ചെയ്യുന്നു.

17. ചട്ടം 17(1)-ലെ 'in five Government Medical Colleges' എന്നതിനെ 'in any Government Medical Colleges in Kerala' എന്നാക്കി മാറ്റുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

18. ചട്ടം 17(2)-ൽ പരാമർശിക്കുന്ന അപ്പീൽ സമർപ്പിക്കുന്നതിനായുള്ള പ്രത്യേക ഫാറം ചട്ടത്തിൽ ചേർക്കുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

19. ചട്ടം 17(2) പ്രകാരം, അപ്പലേറ്റ് അതോറിറ്റി മുൻപാകെ സമർപ്പിക്കപ്പെടുന്ന അപ്പീൽ അപേക്ഷയിന്മേൽ അപേക്ഷകന് നൽകേണ്ട കൈപ്പറ്റ് രസീതിന്റെ മാതൃക കൂടി അപ്പീൽ ഫാറത്തിൽ ചേർക്കുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

20. ചട്ടം 17(3)-ന്റെ രണ്ടാമത്തെ വരിയിലെ 'considered' എന്നത് 'considering' എന്നാക്കി മാറ്റുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

21. മെഡിക്കൽ ബോർഡ് അനുവദിക്കുന്ന 'ഭിന്നശേഷി സർട്ടിഫിക്കറ്റ്'-ന്മേൽ ആക്ഷേപം ഉള്ളവർ ആർക്കാണ് പരാതി സമർപ്പിക്കേണ്ടതെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നതിനായും പ്രസ്തുത പരാതി സമർപ്പിക്കേണ്ട ഫാറം, ചട്ടത്തിന് അനുബന്ധമായി നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു.

22. ചട്ടം 19(1)-ലെ 'The meeting of the State Advisory Board shall be held on such venue and on such dates.......' എന്നതിലെ ‘ dates’ എന്നത് 'date' എന്നാക്കി മാറ്റുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

23. ചട്ടം 19(3)-ലെ '.....five clear days' notice for a special meeting specifying the time, venue of such meetings.....' എന്നതിൽ 'date' കൂടി ഉൾപ്പെടുത്തുവാനും, 'transacted' എന്ന് അവസാനിക്കുന്ന വാക്കിനോടൊപ്പം 'to the members' എന്ന് കൂടി ചേർക്കുന്നതിനായും സമിതി ശിപാർശ ചെയ്യുന്നു.

24. ചട്ടം 21(3)-ലെ 'No matter not included in the agenda of the ordinary or the special meeting, as the case may be, shall be discussed.' എന്നതിനെ 'Any matter not included in the agenda of the ordinary or the special meeting, as the case may be, shall not be discussed.' എന്നാക്കി മാറ്റുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

25. ചട്ടം 22(3)-നോടൊപ്പം ചട്ടം 34(3)-ൽ ഉള്ളതുപോലെ, 'Copy of the minutes shall be given to all the members within fifteen days after the meeting' എന്നുകൂടി ഉൾപ്പെടുത്തുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

26. ചട്ടം 22 (1 )-ലെ ' *Minutes.*-(1) The Member Secretary shall maintain records of the members who attended the meeting and the proceedings at the meetings in a book to be kept for that purpose.' എന്നതിനെ ' *Minutes.*-(1) The Member Secretary shall keep a record of the members attended and the proceedings of each meeting.' എന്നാക്കി മാറ്റുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

27. ചട്ടം 26(1) അവസാനിക്കുന്ന 'each district' എന്ന വാക്കിനോടൊപ്പം 'as specified in section 72 of the Act.' എന്നുകൂടി ചേർക്കുന്നതിനായി ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

28. ചട്ടം 30(1)-ലെ '....... a special meeting specifying the time and place at which such meeting ......' എന്നതിൽ 'date' കൂടി ഉൾപ്പെടുത്തുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

29. ചട്ടം 36(1)-ന്റെ രണ്ടാം വരിയിലെ 'and voting' എന്നത് ഒഴിവാക്കുവാനും മൂന്നാം വരിയിലെ 'absence' എന്ന വാക്കിനുശേഷം ',' ചിഹ്നം ഉൾപ്പെടുത്തുവാനുമായി സമിതി ശിപാർശ ചെയ്യുന്നു.

30. ചട്ടം 42(1)-ലെ 'A complainant' എന്നതിന്റെ നിർവ്വചനം, ചട്ടത്തിലെ 'Definitions' ഭാഗത്ത് ഉൾപ്പെടുത്തുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

31. ചട്ടം 42(4) പ്രകാരം, സംസ്ഥാന കമ്മീഷണർ മുൻപാകെ ഹിയറിങ്ങിനായി അനുവദിച്ച ദിവസം പരാതിക്കാരൻ ഹാജരായില്ലെങ്കിൽ പ്രസ്തുത പരാതി കമ്മീഷണർക്ക് തള്ളിക്കളയാവുന്നതാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, "ഏതെങ്കിലും അടിയന്തര സാഹചര്യത്തിൽ പരാതിക്കാരനോ പരാതിക്കാരന്റെ ഏജന്റിനോ ഹിയറിംഗ് ദിവസം ഹാജരാകാൻ കഴിയാത്തപക്ഷം, പ്രസ്തുത വിവരം ഹിയറിങ്ങിന് മുൻപേ തന്നെ സംസ്ഥാന കമ്മീഷണറെ അറിയിക്കേണ്ടതും, ആയതിന്റെ നിജസ്ഥിതി ബോധ്യപ്പെടുന്നപക്ഷം സംസ്ഥാന കമ്മീഷണർക്ക് മറ്റൊരു ദിവസം ഹിയറിങ്ങിനായി അനുവദിക്കാവുന്നതുമാണ്." എന്നൊരു വ്യവസ്ഥ ചട്ടം 42(3)-ന് ശേഷം ഉൾപ്പെടുത്തുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

32. ചട്ടം 42(7)-ലെ 'decide' എന്ന വാക്ക് ഒഴിവാക്കി പകരം 'take a decision on' എന്ന് ചേർക്കുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

33. ചട്ടം 43(1)-ലെ 'members' എന്ന വാക്കിന്റെ കൂടെ 'as specified in sub-section (7) of section 79 of the Act' എന്ന് കൂടി ചേർക്കുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

34. ആക്റ്റിലെ സെക്ഷൻ 79(7)-ൽ ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള സംസ്ഥാന അഡ്വൈസറി കമ്മിറ്റിയിലെ അംഗങ്ങളുടെ എണ്ണം 5 ആയി നിജപ്പെടുത്തിയിരിക്കുന്നതായും എന്നാൽ ചട്ടം 43 (1)(a) മുതൽ (e) വരെ പ്രതിപാദിച്ചിരിക്കുന്നതിൽ, ആയതിലെ അംഗങ്ങളുടെ എണ്ണം 11 ആകുന്നതായും സമിതി നിരീക്ഷിക്കുന്നു. ആയത്, ആക്റ്റിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായതിനാൽ അംഗങ്ങളുടെ എണ്ണം 5 ആയി നിജപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

35. ചട്ടം 44(1) പ്രകാരം, സംസ്ഥാന കമ്മീഷണർ സമർപ്പിക്കേണ്ട റിപ്പോർട്ടുകൾ യഥാസമയം സർക്കാരിന് ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ച ശേഷം പ്രസ്തുത വിവരം സമിതിയെ അറിയിക്കുവാൻ നിർദ്ദേശിക്കുന്നു.

36. ചട്ടം 44(3) പ്രകാരം, സംസ്ഥാന കമ്മീഷണറുടെ 'വാർഷിക റിപ്പോർട്ടും' 'പ്രത്യേക റിപ്പോർട്ടും' ഒരേ മാതൃകയിലുള്ള ഫോം പ്രകാരമാണ് സമർപ്പിക്കപ്പെടുന്നത് എന്ന് കണ്ടെത്തിയ സമിതി (Form III), രണ്ട് റിപ്പോർട്ടുകളിലും വ്യത്യസ്ത വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതിനാൽ 'പ്രത്യേക റിപ്പോർട്ടിനായി' മറ്റൊരു ഫാറം തയ്യാറാക്കി ചട്ടത്തിൽ ചേർക്കുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

37. ചട്ടം 47(1)-ലെ 'State Fund for Persons with Disabilities' എന്നതിന്റെ കൂടെ 'as specified in sub-section (1) of section 88 of the Act' എന്ന് കൂടി ചേർക്കുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

38. പദവി അനുസരിച്ച് അംഗങ്ങളെ പുന:ക്രമീകരിക്കുന്നതിനായി, ചട്ടം 48(1)(c)-യെ 48(1)(b)-യാക്കിയും ചട്ടം 48(1)(b)-യെ 48(1)(c)-യാക്കിയും മാറ്റുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

39. ചട്ടം 48(1)(d) -ലെ 'Two persons' എന്നതിനോടൊപ്പം 'to be nominated by the Government' എന്നും, 'person with disabilities' എന്നതിനോടൊപ്പം 'defined under clause (z) of section 2 of the Act' എന്നും ഉൾപ്പെടുത്തുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

40. ചട്ടം 48(3)-ൽ ചട്ടം 3(5)-ലേത് പോലെ, നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ പ്രായപരിധി, പുനഃനാമനിർദ്ദേശം എന്നിവയുടെ വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

41. ആക്റ്റിലെ സെക്ഷൻ 23-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം, ഭിന്നശേഷിക്കാരുടെ നൈപുണ്യവികസനം, തൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട്, വകുപ്പുതലവന്മാരുടെ ഓഫീസുകളിലും മറ്റ് സർക്കാർ എസ്റ്റാബ്ലിഷ്മെന്റുകളിലും ഒരാളെ, പരാതി പരിഹാര ഓഫീസറായി നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

42. ചട്ടത്തിന് അനുബന്ധമായി നൽകിയിരിക്കുന്ന എല്ലാ ഫാറങ്ങളുടെയും മുകളിലായി ചട്ടത്തിന്റെ പേരായ 'The Rights of Persons with Disabilities (Kerala) Rules, 2020' എന്ന് നൽകുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

43. Form I-ൽ ക്രമ നമ്പർ 8-ൽ Type of Service-ന് കീഴിൽ (d) പിരിവിൽ Clinical or rehabilitation service-ൽ മൂന്നാം വരിയിലെ '/Prosthetic or rthotic centre' എന്നത് '/Prosthetic or orthotic centre' എന്നാക്കി മാറ്റുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

44. Form I-ലെ ക്രമ നമ്പർ 26-ന് ശേഷം No. 27 ആയി 'Details of facilities for waste disposal, pest control and other arrangements:' എന്ന് കൂടി ചേർത്ത് No. 27 മുതൽ 35 വരെ പുന:രക്കം ചെയ്യുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

45. Form II-ലെ 'Address' എന്നതിനുശേഷം 'Category of the organisation' എന്ന് കൂടി ഉൾപ്പെടുത്തുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

46. Form II-ലെ 'Name of the authorised person' എന്നത് 'Name and address of the authorised person' എന്നാക്കി മാറ്റുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

47. Form II-ന്റെ Conditions-ൽ 5-ാമത് നിബന്ധനയിലെ ഒന്നാം വരിയിലെ 'In' എന്നത് 'in' എന്നാക്കി മാറ്റുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

48. Form III-ന്റെ "REPORT ON IMPLEMENTATION OF RIGHTS OF PERSONS WITH DISABILITIES ACT-2016" എന്ന തലക്കെട്ട് ഒഴിവാക്കി പകരം "ANNUAL/ SPECIAL REPORT OF STATE COMMISSIONER FOR PERSONS WITH DISABILITIES FOR THE FINANCIAL YEAR ..... ....." എന്നാക്കി മാറ്റുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

49. Form III-ന്റെ അവസാനം, '*State Commissioner for Persons with Disabilities*' എന്നതിന്റെ ഇടത് ഭാഗത്തായി 'Date' കൂടി ഉൾപ്പെടുത്തുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

50. ചട്ടങ്ങൾ പുറപ്പെടുവിക്കുമ്പോൾ ബന്ധപ്പെട്ട ആക്റ്റിന്റെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ടുള്ള വ്യവസ്ഥകൾ ചട്ടങ്ങളിൽ ഉൾപ്പെടുത്താൻ വകുപ്പുകൾ ശ്രദ്ധപുലർത്തേണ്ടതാണ്. എസ്.ആർ.ഒ.-യുടെ സൂക്ഷ്മപരിശോധനയിലൂടെയും തെളിവെടുപ്പിലൂടെയും സമിതി എത്തിച്ചേർന്ന നിഗമനങ്ങൾക്കും നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും സർക്കാർ സജീവ പരിഗണന നൽകി ശിപാർശകളിന്മേൽ എത്രയും വേഗം നടപടി സ്വീകരിക്കുമെന്ന പ്രതീക്ഷ സമിതിക്കുണ്ട്. പ്രസ്തുത ശിപാർശകൾ നടപ്പാക്കുന്നതിലൂടെ മേൽ എസ്.ആർ.ഒ.-യിലെ ന്യൂനതകൾ പരിഹരിക്കപ്പെടുമെന്ന് സമിതി പ്രത്യാശിക്കുന്നു.

എം. എം. മണി,
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.*

തിരുവനന്തപുരം,
2024 ജൂലൈ 1.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.